# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനം – പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സ്ഥാനക്കയറ്റം -പരിത്യാജപത്രം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:-
1. ജി.ഒ(പി) നം.39/91/പി & എ.ആർ.ഡി തീയതി. 7.12.1991
2. ജി.ഒ.(പി) നം. 20/2004//പി & എ.ആർ.ഡി തീയതി. 10.12.2004
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നം. ഡി5/7000/2018 തീയതി. 30.05.2018
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നം. ഡി5/7000/2018 തീയതി. 27.07.2018
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നം. ഡി5/7000/2018 തീയതി. 21.02.2019
6. ശ്രീ. കെ. സുരേഷ്കുമാറിന്റെ 28.02.2019 ലെ അപേക്ഷ.

**ഉത്തരവ് നമ്പർ ഡി5/7000/2018/ഡി.പി.ഐ, തീയതി:28/03/2019.**

തിരുവനന്തപുരം ജില്ലയിലെ ഗവ. എസ്.എം.വി.എം. എസ്. അധ്യാപകൻ ആയിരുന്ന ശ്രീ. കെ. സുരേഷ്കുമാറിനെ ഉപജില്ലാ ആഫീസറായി സ്ഥാനക്കയറ്റം നൽകി പത്തനംതിട്ടയിൽ പരാമർശം (3) പ്രകാരം നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം ഒരു വർഷത്തേക്ക് താൽക്കാലികമായി പരിത്യജിക്കുന്നതിനുവേണ്ടി ശ്രീ. കെ.സുരേഷ് കുമാർ അപേക്ഷിച്ചു. ടിയാന്റെ അപേക്ഷ പരിഗണിച്ച് പരാമർശം (4) പ്രകാരം പരിത്യജനം അംഗീകരിച്ചു നൽകി.

എന്നാൽ പരിത്യജന കാലാവധി പൂർത്തിയാകുന്നതിനു മുമ്പായി പരാമർശം (2) ഉത്തരവിന്റെ പിൻബലത്തിൽ പ്രധാനാധ്യാപക സ്ഥാനക്കയറ്റം ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(5) പ്രകാരം പ്രധാനാധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ ജി ആർ എഫ് റ്റി എച്ച് എസ് എസിൽ വീണ്ടും നിയമിക്കുകയുണ്ടായി. തുടർന്ന് ടി സ്ഥാനക്കയറ്റവും ഏറ്റെടുക്കാൻ സാധിക്കുകയില്ലായെന്നറിയിച്ചുകൊണ്ട് 25.02.2019 ൽ പ്രധാനാധ്യാപകൻ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സ്ഥാനക്കയറ്റത്തിൽ നിന്നും സ്ഥിരമായി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വ്യവസ്ഥാപിതമായ പരിത്യജന പത്രം പരാമർശം (6) പ്രകാരം സമർപ്പിക്കുകയുണ്ടായി.

മേൽ വിവരിച്ച സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ ഗവ. എസ്.എം. വി എം.എച്ച്.എസ്.അധ്യാപകനായി സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ. കെ. സുരേഷ്കുമാറിനെ പ്രധാനാധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സ്ഥാനക്കയറ്റത്തിൽ നിന്നും സ്ഥിരമായി ഒഴിവാക്കിക്കൊണ്ട് ടിയാൻ സമർപ്പിച്ച പരിത്യജന പത്രം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്/-)
**ജെസ്സി ജോസഫ്,**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്)**

**// അംഗീകാരത്തോടെ //**

**സൂപ്രണ്ട്**

**സ്വീകർത്താവ്:**

ശ്രീ. സുരേഷ് കുമാർ, എച്ച്.എസ്.റ്റി, എസ്.എം. വി. ജി.എം.എച്ച്.എസ്.എസ്. തിരുവനന്തപുരം.

പകർപ്പ്:
1. വിദ്യാഭ്യാസ ഉപ ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ വിദ്യാഭ്യാസ ആഫീസർ, തിരുവനന്തപുരം/ആലപ്പുഴ
3. പ്രധാനാധ്യാപകൻ, എസ്.എം. വി. ജി.എം.എച്ച്.എസ്.എസ്. തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.